# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 713** | **10/02/2016-ൽ മറുപടിക്ക്**

## അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ സദാശിവൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യാത്തത് എന്തുകൊണ്ടാണ്;<br><br>ബി) അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിയുന്ന തൊഴിലാളികൾക്ക് ആവശ്യമായ വൈദ്യചികിത്സ എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | എ) &ബി). ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് പല പദ്ധതികളും ആരോഗ്യവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. ദേശീയ പ്രാണിജന്യനിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലകളിലെ വിവിധ സ്ഥലങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തം പരിശോധിച്ച് മലമ്പനി, മന്തുരോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ സൗജന്യ ചികിത്സയും നൽകിവരുന്നു. 2015 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ 'ജാഗ്രത' കാമ്പെയിൻ വഴി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യവകുപ്പ് നടത്തുകയുണ്ടായി. ഇതുകൂടാതെ, സേഫ് കേരള പരിപാടിയുടെ ഭാഗമായും പ്രത്യേക ദിവസങ്ങളിൽ ഇത്തരക്കാരുടെ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വം, കുടിവെള്ള ലഭ്യത, രോഗസാധ്യതകൾ തുടങ്ങിയവ ആരോഗ്യവകുപ്പ് സ്ഥാപനങ്ങൾ പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടികളും എടുത്തുവരുന്നുണ്ട്. ആരോഗ്യവകുപ്പ് ഫീൽഡ് തല ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തുമ്പോഴും ഇത്തരം തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്തുവാൻ വേണ്ട ചെയ്യുന്നുണ്ട്. ഓരോ ജില്ലയിലും ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ |

ആഫീസറുടെ നേതൃത്വത്തിൽ ജില്ലാ മൈഗ്രന്റ് സെൽ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. തൊഴിൽ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി യോജിച്ചാണ് ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്ന മലമ്പനിയുടെ 40 ശതമാനത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾക്കാണ്. മലമ്പനി രോഗത്തിനുള്ള സമ്പൂർണ്ണചികിത്സ ഇവർക്ക് സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളിൽ കണ്ടുവരുന്ന മന്തുരോഗ ബാധയ്ക്കുള്ള 12 ദിവസത്തെ ചികിത്സയും സൗജന്യമായി നൽകിവരുന്നു. ക്ഷയരോഗബാധയ്ക്കും കുഷ്ഠരോഗബാധയ്ക്കുള്ള ചികിത്സയും എല്ലാ ആശുപത്രികളിൽ നിന്നും സൗജന്യമായിത്തന്നെ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ